**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **3146** **19/06/2018 ൽ** മറുപടിക്ക്

**മൂർക്കനാട് പഞ്ചായത്തിൽ മിൽമയുടെ പാൽ സംസ്കരണ ശാല**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ടി.എ. അഹമ്മദ് കബീർ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) | മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ മിൽമയുടെ പാൽ സംസ്കരണ ശാല സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | എ) മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ മിൽമയുടെ പാൽ സംസ്കരണ ശാല സ്ഥാപിക്കുന്നതിന് കെട്ടിട നിർമ്മാണ അനുമതിക്കായി മൂർക്കനാട് ഗ്രാമ പഞ്ചായത്തിൽ ലഭിച്ച അപേക്ഷ ടൗൺ പ്ലാനിംഗ് വകുപ്പിന്റെ പരിഗണനയിലാണ്. |
| ബി) | ഇതിനായി കുന്തിപ്പുഴയുടെ തീരത്തുള്ള സർവ്വേ നമ്പർ 123/2 ൽ ഉൾപ്പെട്ട 5.6 സെന്റ് പുറമ്പോക്ക് ഭൂമി മിൽമയുടെ പാൽ സംസ്കരണ ശാലയ്ക്ക് വിട്ട് നൽകുവാൻ അനുമതി നൽകിയിട്ടുണ്ടോ; | ബി) ഇല്ല. |
| സി) | ഇല്ലെങ്കിൽ പ്രസ്തുത ഫയലിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ? | സി) കുന്തിപ്പുഴയുടെ ഭരണം ഗസറ്റ് വിജ്ഞാപനത്തിലൂടെ സർക്കാർ മുൻപ് ഏറ്റെടുത്തിട്ടുള്ളതാണോ എന്നും, മിൽമയ്ക്ക് വിട്ടു നൽകാൻ ആവശ്യപ്പെട്ടിരിക്കുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ചും വ്യക്തമായ റിപ്പോർട്ട് നൽകാൻ മലപ്പുറം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ